**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **12-02-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ 2024-25 അദ്ധ്യയന വർഷത്തെ എൽ.പി.എസ്.ടി. തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് അധ്യാപക ബാങ്ക് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. അധ്യാപക ബാങ്ക് നവീകരിക്കുന്നത് ജില്ലാ തലത്തിലാണ്. ഇതിന് ആവശ്യമായ നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നുമുള്ള വിവരങ്ങൾ സമന്വയ പോർട്ടലിൽ 'TEACHERS BANK' എന്ന ടാബിൽ പൊതു ജനങ്ങൾക്കും പരിശോധി ക്കാവുന്ന രീതിയിൽ ഉൾപ്പെട്ടു ത്തുന്നുമുണ്ട്. |
| (സി) | കാസർഗോഡ് ജില്ലയിൽ നിന്നും സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പരിഗണനയിൽ നിയമനാംഗീകാരത്തിനായുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പാകാതെയുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 7 അപേക്ഷകൾ സർക്കാരിലും 50 എണ്ണം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും തീർപ്പാക്കാനുണ്ട്.<br><br>വിശദവിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

കാസർഗോഡ് ജില്ലയിൽ നിന്നും സർക്കാരിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പരിഗണനയിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകൾ സംബന്ധിച്ച വിവരം

| ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പേര് | തീർപ്പാക്കാൻ അവശേഷിക്കുന്നവ (സർക്കാർ തലത്തിൽ) | തീർപ്പാക്കാൻ അവശേഷിക്കുന്നവ ( പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിൽ ) | ആകെ |
|---|---|---|---|
| കാസർഗോഡ് | 3 | 12 | 15 |
| ബേക്കൽ | - | 1 | 1 |
| ഹോസ്ദുർഗ്ഗ് | - | 10 | 10 |
| ചിറ്റാരിക്കൽ | - | 2 | 2 |
| കുമ്പള | 3 | 4 | 7 |
| ചെറുവത്തൂർ | - | 20 | 20 |
| മഞ്ചേശ്വരം | 1 | 1 | 2 |
| ആകെ | 7 | 50 | 57 |